പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1816 05.02.2019-ലെ മറുപടിക്ക്

**എം പാനൽ കണ്ടക്ടർമാർ**

ചോദ്യം

ശ്രീ. എൻ .എ.നെല്ലിക്കുന്ന്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ എത്ര എംപാനൽ കണ്ടക്ടർമാർ ജോലി ചെയ്തുവരുന്നുണ്ടെന്ന് ഡിപ്പോ കൾ തിരിച്ച് വ്യക്തമാക്കാമോ; | (എ) | നിലവിൽ കെ.എസ്.ആർ.ടി.സിയിൽ താൽക്കാലിക കണ്ടക്ടർമാർ ജോലി ചെയ്യുന്നില്ല. |
| (ബി) | ഇവരുടെ ദിവസവേതനം എത്രയാണെന്നും സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയതിനെ തുടർന്ന് മാസം എത്ര ദിവസമാണ് ജോലി ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | താൽക്കാലിക കണ്ടക്ടർമാർക്ക് ദിവസ വേതനം 480 രൂപയാണ് നൽകിയിരുന്നത്. സ്ഥിരം ജീവനക്കാരായ കണ്ടക്ടർമാർ ജോലിക്ക് ഹാജരാകാത്ത ദിവസങ്ങളിൽ മാത്രമാണ് എംപാനൽ കണ്ടക്ടറെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നത്. ആകയാൽ പ്രസ്തുത ജീവനക്കാർക്ക് ഒരു മാസം നിശ്ചിത എണ്ണം ഡ്യൂട്ടികൾ ഉറപ്പ് നൽകാൻ കഴിയില്ല. |
| (സി) | എത്ര വർഷമായി ജോലി ചെയ്തു വരുന്നവരാണ് കെ.എസ്.ആർ.ടി.സിയിലെ എംപാനൽ കണ്ടക്ടർമാരെന്നും ഇവരെ പിരിച്ചുവിടാൻ കോടതി വിധി ഉണ്ടോ എന്നും വ്യക്തമാക്കാമോ; | (സി) | നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ എംപാനലായി ജോലി ചെയ്തു വന്നിരുന്ന കണ്ടക്ടർമാരിൽ 13 വർഷം വരെ താൽക്കാലിക സേവനമുള്ളവർ ഉണ്ട്. ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ച്, പി.എസ്.സി. കണ്ടക്ടർ റാങ്ക് ലിസ്റ്റിലെ റാങ്ക് ഹോൾഡേഴ്സ് നൽകിയ W.A 2248/2018, 2273/2018, 2382/2018 എന്നീ കേസ്സുകളിൽ, 6-12-2018 തീയതിയിൽ പുറപ്പെടുവിച്ച പൊതു ഇടക്കാല ഉത്തരവിൽ എംപാനൽ ജീവനക്കാരായ കണ്ടക്ടർമാരെ പിരിച്ചുവിട്ട് തൽസ്ഥാനത്ത് പി.എസ്.സി. നിയമനം നടത്തുവാൻ നിർദ്ദേശിച്ചു. |
| (ഡി) | ഉണ്ടെങ്കിൽ വിധി മറി കടന്ന്, എംപാനൽ കണ്ടക്ടർമാരെയും അവരുടെ കുടുംബങ്ങളെയും രക്ഷിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ബഹു. കോടതിയുടെ വിധിക്ക് വിധേയമായി മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**